REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 09-04-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മത്സര ചിത്രം വ്യക്തമായതോടെ സംസ്ഥാനത്ത് പ്രചാരണം ഇന്ന് മുതൽ കൂടുതൽ ഊർജ്ജിതമാകും.
- ചാനൽ സംവാദ പരിപാടികൾക്ക് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുടെയും പൊലീസിന്റെയും മുൻകൂർ അനുമതി വാങ്ങണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം.
- സാമൂഹിക സുരക്ഷാ, ക്ഷേമനിധി പെൻഷനുകളുടെ രണ്ട് ഗഡു കൂടി സംസ്ഥാനത്ത് ഇന്നു മുതൽ വിതരണം ചെയ്യും.
- പറ്റ്നയിൽ ദേശിയ സ്കൂൾ ജൂനിയർ മീറ്റിൽ കേരളത്തിന് രണ്ട് സ്വർണം കൂടി.

## വാർത്തകൾ വിശദമായി

ലോക്സഭാ മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പ് മത്സരചിത്രം വ്യക്തമായതോടെ സംസ്ഥാനത്ത് പ്രചാരണം ഇന്ന് മുതൽ കൂടുതൽ ശക്തമാകും. മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളുടെയും മുന്നണികളുടെയും പ്രവർത്തകർ വീടുവീടാന്തരം കയറിയിറങ്ങി വോട്ട് തേടുന്നുണ്ട്. സ്ഥാനാർത്ഥികൾ പ്രധാന കേന്ദ്രങ്ങളിൽ പൊതുയോഗങ്ങളിലും റാലികളിലും റോഡ് ഷോകളിലും

പങ്കെടുത്ത് പ്രചാരണത്തിന് നേതൃത്വം നൽകി വരുന്നു. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും സംസ്ഥാന നേതാക്കളും മുന്നണികളുടെ പ്രചാരണത്തിന് വിവിധ മണ്ഡലങ്ങളിൽ പര്യടനം നടത്തി വരികയാണ്.

✪✪✪

ചാനൽ സംവാദ പരിപാടികൾക്ക് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടറുടെയും പൊലീസിന്റെയും മുൻകൂർ അനുമതി വാങ്ങണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ഇത്തരം പരിപാടികളിൽ ക്രമസമാധാന പ്രശ്നം ഉണ്ടാകാതിരിക്കാൻ ആൾക്കൂട്ടത്തെ നിയന്ത്രിക്കാൻ ക്രമീകരണങ്ങൾ ഉണ്ടാകണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ നിർദേശിച്ചു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ  ഇന്ന് കൊല്ലത്ത് LDF സ്ഥാനാർത്ഥിക്കായി പ്രചാരണം നടത്തും. രാവിലെ ചവറ, CPIM ഏരിയാ കമ്മറ്റി ഓഫീസിൽ മാധ്യമങ്ങളെ കാണുന്ന മുഖ്യമന്ത്രി തുടർന്ന് ചവറയിലും വൈകിട്ട് കണ്ണനല്ലൂർ, ചടയമംഗലം എന്നിവിടങ്ങളിലും തെരഞ്ഞെടുപ്പ് യോഗങ്ങളിലും പങ്കെടുക്കും.

പ്രതിപക്ഷ നേതാവ് V.D സതീശൻ ഇന്നലെ ആറ്റിങ്ങൽ വെമ്പായത്തും തിരുവനന്തപുരം പേട്ടയിലും പ്രചാരണം നടത്തി.

✪✪✪

കണ്ണൂർ പാനൂരിൽ ബോംബ് സ്ഫോടനത്തിൽ ഒരാൾ മരിച്ച സംഭവത്തെപ്പറ്റി കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് BJP ദേശീയ ഉപാധ്യക്ഷൻ A.P.അബ്ദുള്ളക്കുട്ടി ആവശ്യപ്പെട്ടു. ബോംബ്നിർമ്മാണത്തിന് നിർദ്ദേശം നൽകിയവരെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്ന് കണ്ണൂരിൽ വാർത്താസമ്മേളനത്തിൽ അബ്ദുള്ളക്കുട്ടി പറഞ്ഞു.

✪✪✪

കോഴിക്കോട് ജില്ലയിലെ വടകര ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. മൂന്ന് മുന്നണികളും പ്രചാരണ രംഗത്ത് സജീവമാണ്.

ആകാശവാണി ജില്ലാ പ്രതിനിധി നസീർ ബാബുവിന്റെ റിപ്പോർട്ട്.

............വോയ്സ്..........

✪✪✪

മാതൃകാ പെരുമാറ്റചട്ട ലംഘനത്തിന് കാസർകോട്ടെ UDF സ്ഥാനാർത്ഥി രാജ്മോഹൻ ഉണ്ണിത്താനും, NDA സ്ഥാനാർത്ഥി M.L അശ്വിനിക്കും, തെരഞ്ഞെടുപ്പ് കമ്മീഷൻ നോട്ടീസ് നൽകി. മുൻ കൂട്ടി അനുമതി വാങ്ങാതെ റോഡ് ഷോ സംഘടിപ്പിച്ചതിനും അനുമതിയില്ലാതെ വാഹനവും ഉച്ചഭാഷിണിയും ഉപയോഗിച്ചതിനാണ് കാരണം കാണിക്കാൻ നോട്ടീസ് നൽകിയത്. 48 മണിക്കൂറിനകം മറുപടി

കിട്ടിയില്ലെങ്കിൽ തുടർനടപടിയെടുക്കുമെന്ന് നോഡൽ ഓഫീസർ അറിയിച്ചു.

✪✪✪

തിരുവനന്തപുരത്തെ NDA സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറിനെതിരെ പെരുമാറ്റ ചട്ടലംഘനം ആരോപിച്ച് KPCC തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി. KPCC-യ്ക്കെതിരെ പരാതി നൽകിയ രാജീവ് ചന്ദ്രശേഖർ, കേന്ദ്രമന്ത്രിയുടെ ലെറ്റർ ഹെഡ് ഉപയോഗിച്ചെന്ന് കാണിച്ചാണ് പരാതി.

✪✪✪

കണ്ണൂർ പാർലിമെന്റ് മണ്ഡലം BJP നേതൃയോഗം ഉച്ചകഴിഞ്ഞ് BJP ജില്ലാ കമ്മറ്റി ഓഫീസിൽ സംസ്ഥാന പ്രഭാരി പ്രകാശ് ജാവദേക്കർ ഉദ്ഘാടനം ചെയ്യും. വൈകീട്ട് ധർമ്മടം, വാരം എന്നിവിടങ്ങളിൽ കുടുംബയോഗങ്ങളിലും അദ്ദേഹം പങ്കെടുക്കും.

UDF സ്ഥാനാർത്ഥി K. സുധാകരൻ ഇന്ന് പേരാവൂർ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പര്യടനം നടത്തും. ഇന്നലെ തളിപറമ്പ് മണ്ഡലത്തിലായിരുന്നു സുധാകരന്റെ പര്യടനം.

LDF- സ്ഥാനാർത്ഥി M.V ജയരാജന്റെ ലോക്കൽ തെരഞ്ഞെടുപ്പ് റാലികൾക്ക് തുടക്കമായി. അഴീക്കോട്ടെ റാലി വൻകുളത്തുവയലിൽ CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്തു.

✪✪✪

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിലെ പ്രശ്നബാധിത ബൂത്തുകളിൽ കർശന സുരക്ഷ ഏർപ്പെടുത്തുമെന്ന് ജില്ലാ തെരഞ്ഞടുപ്പ് വരണാധികാരികൂടിയായ കളക്ടർ S. പ്രേംകൃഷ്ണൻ പറഞ്ഞു. ഇത്തരം ബൂത്തുകളിൽ പൊലീസ് ശക്തമായ സുരക്ഷ ഒരുക്കും. പൊലീസ് പട്രോളിംഗും ഉണ്ടായിരിക്കും.

✪✪✪

കാസർകോട് ജില്ലയിലെ ലോക്സഭാ തെരഞ്ഞെടുപ്പ് വോട്ടെണ്ണൽ കേന്ദ്രവും ഏഴ് നിയമസഭാ മണ്ഡലങ്ങളുടെ സ്ട്രോങ്ങ് റൂമുകളും സജ്ജീകരിക്കുന്ന പെരിയ കേരള കേന്ദ്ര സർവ്വകലാശാല തെരഞ്ഞെടുപ്പ് കമ്മീഷൻ പൊതു നിരീക്ഷകൻ സന്ദർശിച്ചു. തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ നിരീക്ഷിക്കുന്നതിന്റെ ഭാഗമായിരുന്നു സന്ദർശനം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി തെരഞ്ഞെടുപ്പ് പ്രചാരണത്തിന് വൈകിട്ട് ചെന്നൈയിലെത്തും. BJP സ്ഥാനാർത്ഥിയുടെ റോഡ് ഷോയിൽ അദ്ദേഹം പങ്കെടുക്കും. നാളെ വെല്ലൂർ, കോയമ്പത്തൂർ, പൊള്ളാച്ചി എന്നിവിടങ്ങളിൽ തെരഞ്ഞെടുപ്പ് റാലികളെ നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

✪✪✪

സാമൂഹിക സുരക്ഷാ, ക്ഷേമനിധി പെൻഷനുകളുടെ രണ്ട് ഗഡു കൂടി സംസ്ഥാനത്ത് ഇന്നു മുതൽ വിതരണം ചെയ്യും. ഗുണഭോക്താക്കൾക്ക് 3200 രൂപ വീതം ലഭിക്കും. കഴിഞ്ഞ

മാസം ഒരു ഗഡു വിതരണം ചെയ്തിരുന്നു. റംസാനും വിഷുവും കണക്കിലെടുത്താണ് കുടിശ്ശിക വിതരണം ചെയ്യുന്നത്. ഇനി നാല് മാസത്തെ കുടിശ്ശിക ബാക്കിയുണ്ട്. 62 ലക്ഷം ക്ഷേമ പെൻഷൻ ഗുണഭോക്താക്കളിൽ മസ്റ്ററിംഗ് നടത്തിയവർക്കെല്ലാം തുക ലഭിക്കും.

✪✪✪

ഇന്നു ശവ്വാൽ മാസപ്പിറവി കാണുന്നവർ വിവരമറിയിക്കണമെന്ന് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ, സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ, സമസ്ത ജനറൽ സെക്രട്ടറി പ്രൊഫ. K. ആലിക്കുട്ടി മുസ്ലിയാർ തുടങ്ങിയവർ അഭ്യർത്ഥിച്ചു.

ഇന്നലെ മാസപ്പിറവി ദൃശ്യമാകാത്തതിനാൽ ഒമാൻ ഒഴികെ ഗൾഫ് രാജ്യങ്ങളിൽ 30 നോമ്പ് പൂർത്തിയാക്കി നാളെ ചെറിയ പെരുന്നാൾ ആഘോഷിക്കും.

✪✪✪

KSRTC ചീഫ് മാനേജിംഗ് ഡയറക്ടറുടെ ഉത്തരവ് പാലിക്കാത്തതിന് പുനലൂർ യൂണിറ്റിലെ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറെ സസ്പെൻഡ് ചെയ്തു. KSRTC വിജിലൻസ് ഈ മാസം ആറിന് നടത്തിയ പരിശോധനയിലാണ് വീഴ്ച കണ്ടെത്തിയത്.

✪✪✪

ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷ നീറ്റ്-UGയുടെ രജിസ്ട്രേഷന് നാളെ രാത്രി വരെ അപേക്ഷിക്കാം. പല

കാരണങ്ങളാലും രജിസ്റ്റർ ചെയ്യാൻ സാധിക്കാത്ത വിദ്യാർത്ഥികളുടെ അപേക്ഷ പരിഗണിച്ചാണ് സമയം നീട്ടുന്നതെന്ന് ദേശീയ പരീക്ഷാ ഏജൻസി അറിയിച്ചു.

✪✪✪

പറ്റ്നയിൽ ദേശിയ സ്കൂൾ ജൂനിയർ മീറ്റിൽ കേരളത്തിന് രണ്ട് സ്വർണം കൂടി. ആൺകുട്ടികളുടെ 110 മീറ്റർ ഹർഡിൽസിൽ പാലക്കാട് വടവന്നൂർ VMHSS ലെ K കിരൺ,100 മീറ്റർ ഹർഡിൽസിൽ മലപ്പുറം തിരുന്നാവായ നാവാമുകുന്ദ ഹൈസ്കൂളിലെ ആദിത്യഅജി എന്നിവരാണ് ഇന്നലെ സ്വർണം നേടിയത്. ഇതോടെ കേരളത്തിന് മൂന്ന് സ്വർണമായി.

മീറ്റിന്റെ സമാപന ദിവസമായ ഇന്ന് 15 ഇനങ്ങളിൽ ഫൈനൽ നടക്കും.

✪✪✪

ഏഷ്യാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് ഇന്ന് ചൈനയിലെ നിങ്ബോയിൽ തുടങ്ങും. H.S പ്രണോയ്, കിഡംബി ശ്രീകാന്ത്, ലക്ഷ്യസെൻ, P.V സിന്ധു തുടങ്ങിയ താരങ്ങൾ ഇന്ത്യൻ ടീമിനെ പ്രതിനിധീകരിക്കും. പുരുഷ സിംഗിൾസിൽ H.S.പ്രണോയ് ചൈനയുടെ ലു ഗ്വാഗ്ഷുവിനെയും കിഡംബി ശ്രീകാന്ത് ഇന്തോനേഷ്യയുടെ ആന്റണി ജിൻറിംഗിനെയും നേരിടും.

✪✪✪

ISL ഫുട്ബോളിൽ മുംബൈ സിറ്റി FC-ക്ക് ജയം. മുംബൈയിൽ ഒഡീഷ FC-യെ ഒന്നിനെതിരെ രണ്ട് ഗോളിനാണ് മുംബൈ പരാജയപ്പെടുത്തിയത്. 21 മത്സരങ്ങളിൽ നിന്ന് 47 പോയിന്റുമായി മുംബൈയാണ് നിലവിൽ ഒന്നാം സ്ഥാനത്ത്.

ഇന്ന് ജംഷഡ്പൂർ FC- ഗോവ മത്സരം വൈകിട്ട് അഞ്ചിനും ചെന്നൈയിൻ - നോർത്ത് ഈസ്റ്റ് മത്സരം രാത്രി ഏഴരക്കും നടക്കും.

✪✪✪

IPL ക്രിക്കറ്റിൽ ചെന്നൈയിൽ, ചെന്നൈ സൂപ്പർ കിംഗ്സിന് ജയം. കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ ഏഴ് വിക്കറ്റിനാണ് അവർ തോൽപ്പിച്ചത്.

ഇന്ന് പഞ്ചാബ് കിംഗ്സ് സൺറൈസേഴ്സ് ഹൈദരാബാദിനെ ചണ്ഡീഗഡിൽ നേരിടും.

✪✪✪

സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം ഞായറാഴ്ചയും പുതിയ റെക്കോർഡിലെത്തിയതായി KSEB അറിയിച്ചു. 5,419 മെഗാ വാട്ട് ആയിരുന്നു ആവശ്യകത. വൈദ്യുതി തടസ്സമറിയിക്കാൻ KSEB സെക്ഷൻ ഓഫീസിലേക്ക് വിളിക്കുമ്പോൾ ഫോൺ എടുക്കുന്നില്ലെന്ന പരാതികൾ വാസ്തമല്ലെന്ന് ഔദ്യോഗിക വാർത്താ കുറിപ്പ് അറിയിച്ചു. ഒട്ടേറെ പേർ ഒരേ സമയം വിളിക്കുന്നത് കൊണ്ടാണ് ഇങ്ങനെയൊരു പരാതി വരാൻ കാരണമെന്ന് അറിയിപ്പിൽ പറയുന്നു.

✪✪✪

കഴിഞ്ഞ 50 വർഷത്തിനിടയിലെ ദൈർഘ്യമേറിയ സൂര്യഗ്രഹണം വടക്കേ അമേരിക്കയിലെ മെക്സിക്കോ, കാനഡ തുടങ്ങിയ ഇടങ്ങളിൽ ദൃശ്യമായി. സൂര്യനെ പൂർണ്ണമായും ചന്ദ്രൻ മറയ്ക്കുന്ന അപൂർവ സൂര്യഗ്രഹണം

ഇന്ത്യൻ സമയം രാത്രി 9.12 മുതൽ പുലർച്ചെ 2.22വരെ നീണ്ടു. തിരുവനന്തപുരത്തെ സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ ഗ്രഹണ ദൃശ്യങ്ങൾ കാണാൻ അവസരം ഒരുക്കിയിരുന്നു.

✪✪✪

പൊതു വിദ്യാഭ്യാസ വകുപ്പിലെ അധ്യാപകരിൽ നിന്ന് അടുത്ത അധ്യയന വർഷത്തെ ജില്ലാതല ഓൺലൈൻ പൊതു സ്ഥലമാറ്റത്തിന് അപേക്ഷ ക്ഷണിച്ചു. മെയ് നാലിന് താൽക്കാലിക സ്ഥലമാറ്റ ഉത്തരവും 13-ന് അന്തിമ സ്ഥലംമാറ്റ ഉത്തരവും പുറപ്പെടുവിക്കും.

✪✪✪

വേനലവധി - വിഷു കാലത്തെ യാത്രാ തിരക്കിന് പരിഹാരമായി കൊച്ചുവേളി - ബംഗലുരു - കൊച്ചുവേളി റൂട്ടിലും ലോകമാന്യ തിലക് - കൊച്ചുവേളി - ലോകമാന്യ തിലക് റൂട്ടിലും റെയിൽവെ പ്രത്യേക ട്രെയിനുകൾ ഓടിക്കും.

ബംഗലുരു ട്രെയിൻ ഇന്ന് മുതൽ മെയ് 28 വരെ എല്ലാ ചൊവ്വാഴ്ചകളിലും കൊച്ചുവേളിയിൽ നിന്ന് വൈകിട്ട് 6.05-ന് യാത്ര തിരിക്കും. പിറ്റേന്ന് രാവിലെ 10.55-ന് ബംഗലുരുവിലെത്തും. അവിടെ നിന്ന് എല്ലാ ബുധനാഴ്ചയും ഉച്ചയ്ക്ക് 12.45-ന് മടക്കയാത്ര തുടങ്ങും.

ലോകമാന്യ തിലകിൽ നിന്ന് മറ്റന്നാൾ മുതൽ വ്യാഴാഴ്ചകളിൽ വൈകിട്ട് നാലിന് പുറപ്പെടുന്ന ട്രെയിൻ കൊച്ചുവേളിയിൽ പിറ്റേന്ന് 8.45-ന് എത്തും. ശനിയാഴ്ചകളിൽ

വൈകിട്ട് 4.യ20-ന് പുറപ്പെടുന്ന ട്രെയിൻ പിറ്റേന്ന് രാത്രി 9.50-ന് മുംബൈയിലെത്തും.

✪✪✪

സംസ്ഥാനത്ത് മറ്റന്നാൾ വരെ 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇടുക്കി, വയനാട് ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪